# ആധുനികത നരേന്ദ്രപ്രസാദിന്റെ നിരൂപണത്തിൽ

**പി. എസ്. രാജേഷ് കുമാർ**

## ആധുനികതയും മലയാളവും

മുതലാളിത്തകാലത്തെ പ്രശ്നങ്ങൾ അനാവൃതായ സാഹിത്യമാണ് ആധുനികത; എന്നാൽ അതിന്റെ ഭീകരത വായനക്കാരെ അനുഭവിപ്പിച്ച രചനയാണ് ഉത്തരാധുനികതയുടേത്. പാശ്ചാത്യരാജ്യങ്ങളിലാണ് ശാസ്ത്രീയമായ മിക്ക കണ്ടുപിടിത്തങ്ങളും രൂപപ്പെട്ടത്. അത് മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്തു. എന്നാൽ ശാസ്ത്രീയമായ നേട്ടങ്ങൾ സമ്പത്താർജ്ജിക്കുന്നതിനു വേണ്ടി മാത്രം ഉപയോഗിക്കുമ്പോൾ, ജനപക്ഷത്തുനിൽക്കുന്ന ചിന്തകന്മാർക്കും കലാകാരന്മാർക്കും എഴുത്തുകാർക്കും അത് അത്യധികം ദുസ്സഹമാകുകയും അവർ അതിനെതിരെ പ്രതികരിക്കുകയും ആവേശത്തോടെ കലാരചനയിൽ ഏർപ്പെടുകയും ചെയ്യും; ആധുനികത ഇങ്ങനെ ഉരുവംകൊണ്ട പ്രസ്ഥാനമാണ്. ശാസ്ത്രത്തിന്റെ മുന്നേറ്റങ്ങളെ തലകീഴായി (Regressive) ഉപയോഗിച്ച മുതലാളിത്തത്തിനെതിരായുള്ള കലാപരമായ കലാപമായിരുന്നു ആധുനികത. മോഡേണിസം അതുവരെ നിലനിന്നിരുന്ന എല്ലാ കലാപ്രസ്ഥാനങ്ങളെയും നിരാകരിച്ചു. വിക്ടോറിയൻ കാലഘട്ടത്തിന്റെ പതനത്തിനുശേഷം 1901-ൽ ആണ് ആധുനികത യൂറോപ്പിൽ പിറവിയെടുത്തത്. എന്നാൽ ഒന്നാംലോക മഹായുദ്ധത്തിന്റെ തീവ്രതയാണ് ആധുനികതയ്ക്ക് സൈദ്ധാന്തികാടിത്തറ പകർന്നത്. 1922-ൽ ടി.എസ്.എലിയറ്റ് 'The waste Land' എഴുതിയതോടുകൂടി സാഹിത്യത്തിൽ ആധുനികത സ്ഫോടനാത്മകമായി. ഇന്നും അധിനിവേശത്തിനും കള്ള വ്യാപാരത്തിനും ഹിംസാത്മകതയ്ക്കും പ്രകൃതിചൂഷണത്തിനും എന്തിന് സമസ്ത വിഭാഗീയതയ്ക്കും വിരുദ്ധമായ പ്രസ്ഥാനവും മനസ്സാക്ഷിയുമായി ആധുനികത നിലകൊള്ളുന്നു.

ഭൂമിശാസ്ത്രപരമായി കേരളം ഇൻഡ്യയുടെ ഭാഗമാണെങ്കിലും സൈദ്ധാന്തികമായി മലയാളി പൊതുവെ പാശ്ചാത്യനാണ്. അതുകൊണ്ടുതന്നെ മലയാളചിന്തയെ യൂറോപ്യൻ ഉൽപ്പന്നമായ മോഡേണിസം വളരെ വേഗം സ്വാംശീകരിച്ചു. തന്നേയുമല്ല മറ്റു പല സിദ്ധാന്തങ്ങളിൽ നിന്നും വ്യത്യസ്തമായി കലാശാലാധ്യാപകർ, മോഡേണിസത്തിന്റെ ദർശനം (vision) മനസ്സിലാക്കി, അത് ശക്തമായി അടയാളപ്പെടുത്തുക കൂടിയായപ്പോൾ ആധുനികതയ്ക്ക് അർത്ഥവ്യാപ്തി വർദ്ധിക്കുകയും പുതുതലമുറ അത് ആവേശത്തോടെ ഉൾക്കൊള്ളുകയും ചെയ്തു. മാധവൻ അയ്യപ്പത്തിലൂടെയും അയ്യപ്പപ്പണിക്കരിലൂടെയും സച്ചിദാനന്ദനിലൂടെയും ബാലചന്ദ്രൻ ചുള്ളിക്കാടിലൂടെയും മലയാളകവിതയിൽ ശക്തമായ ആധുനികത ഒ.വി.വിജയൻ, എം.മുകുന്ദൻ, ആനന്ദ്, കാക്കനാടൻ തുടങ്ങിയവരിലൂടെ നോവൽ കഥാസാഹിത്യത്തിലും കരുത്തുറ്റതായി. മലയാളവിമർശനത്തിൽ കെ.പി.അപ്പൻ, വി.രാജകൃഷ്ണൻ, ആഷമേനോൻ, ബി. രാജീവൻ തുടങ്ങിയവർ മലയാള എഴുത്തിലെ ഒരു നവ്യാവതരണത്തെ വിമർ ശനകലയിലും സന്നിവേശിപ്പിച്ചു. മലയാള വിമർശനത്തിലെ അവധൂതനായ മോഡേണിസ്റ്റാണ് പി.നരേന്ദ്രപ്രസാദ്. അദ്ദേഹം അഭ്രപാളികളിൽ ആധുനികതയുടെ അനേകം കോംപ്ലക്സുകളുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ചതിനോടൊപ്പം ഉന്നതനായ അധ്യാപകനും വേദിയിൽ നവചലനങ്ങളുണ്ടാക്കുന്ന പ്രഭാഷകനും അരാജകവാദിയായ കലാചിന്തകനുമായി ജീവിച്ച് അവസാനിച്ചുവെങ്കിലും മലയാളി സഹൃദയനെ ഇന്നും പലതും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ എഴുത്തിൽ ആധുനികതയുടെ വൈകാരികസാന്ദ്രത ശക്തമായുണ്ട്. അത് ചടുലവും ഗവേഷണാത്മകവുമായ പല നിഗമനങ്ങളും വായനക്കാരന് ചൂണ്ടിക്കാണിക്കുന്നതുമാണ്.

"സ്വാതന്ത്ര്യാനന്തര മലയാളകവിതയിൽ കാല്പനിക പുരോഗമനപ്രസ്ഥാനത്തിനു വന്ന അപചയത്തിൽ നിന്നുയിർകൊണ്ട് അൻപതുകളിൽ ആരംഭിച്ച് അറുപതുകളിൽ ശ്രദ്ധ പിടിച്ചുപറ്റി എഴുപതുകളിലേക്ക് വഴികാട്ടിയ ആധുനികകവിത അതിന്റെ ചരിത്രപരമായ കടമ നിർവ്വഹിച്ചു."1 സാഹിത്യത്തിന്റെ ആരംഭം മുതൽ ആധുനികതയ്ക്കു മുമ്പുവരെ ലോകത്തിലെ എല്ലാ സാഹിത്യത്തിലുമുള്ള പ്രഥമമായ സാഹിത്യരൂപം കവിതയായിരുന്നു. എന്നാൽ മോഡേണിസത്തിൻറെ ആവിർഭാവത്തോടുകൂടി

കവിത പിന്നാക്കം പോവുകയും നോവലും ചെറുകഥയും ആ സ്ഥാനത്ത് എത്തുകയും ചെയ്തു. റിയലിസത്തിൽ നിന്നും ആധുനികതയിലേക്കുള്ള സഞ്ചാരപഥത്തിൽ കവിതയുടെ പരിവർത്തനത്തെക്കുറിച്ച് മലയാളനിരൂപണം മൗനം പാലിച്ചപ്പോൾ ആധുനിക കവിതയുടെ സൂചക ചലനാത്മകത മലയാള വായനക്കാരെ ബോധ്യപ്പെടുത്തിയ നിരൂപകനാണ് പി.നരേന്ദ്രപ്രസാദ്. അദ്ദേഹം അതുവരെ നിലനിന്നിരുന്ന നിരൂപണ സങ്കല്പങ്ങളെ ഭേദിക്കുന്ന നിരീക്ഷണങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. "ആധുനിക കൃതികളിൽ പടർന്നു കിടക്കുന്ന ശൂന്യതാബോധം, നാമതിന് ശൂന്യതാബോധമെന്നു പേരു കൊടുക്കുമ്പോൾത്തന്നെ, അർത്ഥരഹിതമായിത്തീരുന്നു. ദുരൂഹത, അസംബന്ധം, ശൂന്യത എന്നീ വാക്കുകൾ കൊണ്ട് അനുഭവങ്ങളെ കെട്ടിയിടാൻ സാധ്യമല്ല. ഇത്തരം വാക്കുകൾ പ്രചരിപ്പിക്കുന്നത്, പ്രായേണ നിരൂപകരാണ്"2 എന്ന് തന്റെ തലമുറയിലെ ആധുനികവിമർശകരെ പരിഹസിച്ച അദ്ദേഹം പുരോഗമനചിന്താഗതിക്കാർ എന്നു സ്വയം കരുതുന്ന മാർക്സിസ്റ്റ് നിരൂപകരെയും കടന്നാക്രമിച്ചു. "ഉന്നതമായ സാഹിത്യം ജനിപ്പിക്കുന്ന അനുഭൂതിയെ അംഗീകരിക്കുവാൻ മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തെ പ്രാപ്തമാക്കുക എന്നതാണ് ഈ നാട്ടിലെ മാർക്സിസ്റ്റ് കലാനിരൂപകർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം"3 എന്ന് മാർക്സിസ്റ്റ് കലയെയും അറിഞ്ഞുകൊണ്ടുതന്നെ നിരാകരിച്ചു.

### നരേന്ദ്രപ്രസാദിന്റെ വിമർശനപദ്ധതി

"കവിതയ്ക്ക് ചിന്തയുമായി ഗൂഢമായ ബന്ധമില്ലെന്നു കരുതുന്ന സാരമില്ലാക്കവികളെ ഏതു തെരുവിലും നാം കണ്ടെത്തുന്നു. ജഠരീകൃതമായ ഏതോ സംശുദ്ധപ്രണാദമാണു കവിതയെന്നും അതിന് ജീവിതപ്രതാനവുമായി ഒരുതരം നിഷേധസമ്പർക്കം മാത്രമേയുള്ളൂവെന്നും കരുതുന്ന നിരൂപകരും വളരെയധികമുണ്ട്."4 ഈ തിരസ്കരിക്കലിന്റെ അടിസ്ഥാനത്തിൽ വൈലോപ്പിള്ളിയുടെ കണ്ണീർപ്പാടത്തിലെ താനൊരു സൗന്ദര്യാത്മക കവി മാത്രം എന്ന പ്രസ്താവത്തെ പ്രസാദ് കുടിയൊഴിപ്പിക്കുന്നു; അതോടൊപ്പം ആധുനിക കവികളെ വാഴ്ത്തുകയും ചെയ്യുന്നു. മലയാളത്തിലെ ആധുനിക കവിതയുടെ ത്രിമൂർത്തികൾ എന്ന

പറയുന്നവർ കടമ്മനിട്ട രാമകൃഷ്ണൻ, അയ്യപ്പപ്പണിക്കർ, സച്ചിദാനന്ദൻ എന്നിവരാണ്. ഈ മൂന്നുപേരേയും അവരുടെ കാവ്യാധുനികതയെ മുൻനിർത്തി വിലയിരുത്തിയ മലയാളനിരൂപകൻ നരേന്ദ്രപ്രസാദ് മാത്രമാണ്.

ആധുനികത വൈദേശികമായ ഒരു ചിന്തയാണെന്ന് കുറിച്ചിരുന്നല്ലോ. അതിനാൽ മലയാളത്തിൽ ആധുനിക കവിതകൾ ധാരാളമുണ്ടെങ്കിലും അവയിൽ കേരളീയ പരിസരം കുറവായിരുന്നു. എന്നാൽ കേരളത്തിലെ മോഡേൺ പരിതോവസ്ഥ തന്റെ അനുഭവത്തിലൂടെയും ത്യാഗത്തിലൂടെയും കണ്ടെത്തി അത് കവിതയിൽ ഏറ്റവും ഊർജ്ജസ്വലതയോടെ അവതരിപ്പിച്ചത് കടമ്മനിട്ട രാമകൃഷ്ണനാണ്. അധിനിവേശത്തിൻറെ തിക്തതയെ അന്ധമായി അനുകരിച്ച കേരളീയർ ഗൂഢമായ ഭീതിയിലായി ഇത് ആധുനികതയ്ക്ക് വിലോമത്വം, വ്യവസ്ഥാരാഹിത്യം, ദുർഗ്രഹത തുടങ്ങിയവ നൽകി. ഇത് ആദിപ്രരൂപങ്ങളുടെ സ്വീകരണത്തിലൂടെ തൻറെ കവിതയിൽ ഫലപ്രദമായി അവതരിപ്പിക്കുകയും തന്റെ കവിതയിലുടനീളം ആധുനികതയുടെ കേരളപരിസരം നിറയ്ക്കുവാനും കടമ്മനിട്ടയ്ക്ക് കഴിഞ്ഞു. കടമ്മനിട്ടയുടെ കാട്ടാളൻ ആദിമ മനുഷ്യന്റെ ആദിപ്രരൂപമാണ്. അധിനിവേശത്തിനെതിരെ പോരാടുവാൻ തന്റെ പാരമ്പര്യത്തിലേക്കും പ്രകൃതിയിലേക്കും ആണ്ടിറങ്ങി അതിൽനിന്നും ഊർജ്ജം വരിച്ച് പോരാട്ടം പ്രഖ്യാപിക്കുന്നത് മനുഷ്യന്റെ നാളിതുവരെയുള്ള പോരാട്ടങ്ങളുടെ മുന്നേറ്റത്തിന്റെയും ശക്തിയും ചൈതന്യവും ഓർമ്മിപ്പിക്കുന്നത് കൂടിയാണ്.

കടമ്മനിട്ടയുടെ അഗാധ വൈരുദ്ധ്യവും വിരുദ്ധോക്തികളും വർത്തമാനാവസ്ഥയും ബോധസാന്ദ്രതയും മനുഷ്യശക്തിയും ഗ്രാമീണ ജീവിതത്തിൽ നിന്നും കടഞ്ഞെടുത്ത ബിംബങ്ങളും ഗദ്യപദ്യങ്ങൾ വിപരീതമായി നിർത്തുന്നതിന്റെ ഘടനാരീതിയും നരേന്ദ്രപ്രസാദ് അതിന്റെ ജൈവിക സംസ്കാരത്തിൽ തന്നെ കണ്ടെത്തുന്നു. തന്നേയുമല്ല ഗതകാലത്തിന്റെ പ്രഭവമായി ആചാരങ്ങളേയും വിശ്വാസങ്ങളേയും എന്തിന് മാമൂലുകളെപ്പോലും ചേർത്തുനിർത്തി കവിതയിൽ ആവിഷ്കരിച്ച് അത് പരുക്കൻ ശബ്ദത്തിൽ ആലപിച്ച് കേൾവിക്കാരനെ അനുഭൂതിയിലും അർത്ഥവികാസത്തിലും

കൊണ്ടെത്തിക്കുന്ന കടമ്മനിട്ടക്കവിതയുടെ കലാ-രസതന്ത്രം നരേന്ദ്രപ്രസാദ് തൻറെ വിമർശനത്തിൽ കോറിയിട്ട് വായനക്കാരനിൽ എത്തിക്കുന്നു. കടമ്മനിട്ടയുടെ ശാന്ത എന്ന കവിതയും പ്രസാദിൻറെ ഇഷ്ടക്കവിതകളിൽ ഒന്നാണ്. "കടമ്മനിട്ടയുടെ ശാന്ത മലയാളത്തിലെ ഒരു ക്ലാസിക്കാണ്. നിർമ്മലമായ ഒരു ഇണചേരലിൻറെ കവിതയാണത്. എന്നാൽ ആ ക്രിയ അസാധ്യമാക്കിക്കൊണ്ട് സ്ഥലകാലങ്ങളുടെ യാഥാർത്ഥ്യം കവിതയിലെ വക്താവിനും അയാളുടെ കാമിനിക്കുമിടയ്ക്ക് വന്നുനിറയുന്നു"5 എന്ന വിലയിരുത്തൽ തന്നെ നല്ല ഉദാഹരണമാണ്. കടമ്മനിട്ടക്കവിതയുടെ ശരിയായ വിലയിരുത്തൽ നരേന്ദ്രപ്രസാദിൽ നിന്നും ഉണ്ടായതാണ്. ദീർഘകാലം കവിയുമായുണ്ടായ അടുപ്പം ആ കവിയേയും കവിതയേയും ശരിക്കും മനസ്സിലാക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചു എന്നതും വിസ്മരിക്കാനാവില്ല.

മലയാളകവിതയിൽ ആധുനികതയുടെ എഴുത്തച്ഛനാണ് അയ്യപ്പപ്പണിക്കർ. ഇംഗ്ലീഷ് പഠനവും അധ്യാപനവും അമേരിക്കയിലെ ഇൻഡ്യാനാ യൂണിവേഴ്സിറ്റിയിലെ ഗവേഷണവും ലോകകവിതയുടെ ഭ്രമണപഥങ്ങൾ മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് തന്റെ കവിതകൾ ചിട്ടപ്പെടുത്തുന്നതിനും അയ്യപ്പപ്പണിക്കരെ വളരെയധികം സഹായിച്ചു. കടമ്മനിട്ടയെപ്പോലെ തന്നെ പണിക്കരുമായുള്ള ബന്ധം ആ കവിതകളുടെ നിരന്തര പാരായണത്തിലും സൂക്ഷ്മ നിരീക്ഷണത്തിലും പ്രസാദിനെ കൊണ്ടെത്തിച്ചു. ഇതിന്റെ പ്രതിഫലനം നരേന്ദ്രപ്രസാദിൻറെ അയ്യപ്പപ്പണിക്കരുടെ സ്വപ്നസഞ്ചാരം എന്ന ലേഖനത്തിൽ ഉടനീളമുണ്ട്. മികച്ച ആസ്വാദനക്ഷമതയും ഇല്ലാത്ത വിമർശകർ സച്ചിദാനന്ദന്റെ കവിതയെ മൂല്യനിർ ണ്ണയം ചെയ്യാറില്ല. നരേന്ദ്രപ്രസാദ് അടിസ്ഥാനപരമായി കവിതാവിമർശകനാണ്. ലോകകവിതയുടെ ദിശാവ്യതിയാനം അന്വേഷിക്കുന്ന പ്രസാദ്, സച്ചിദാനന്ദൻ കവിതയുടെ രൂപഭാവമാറ്റങ്ങൾ വീക്ഷിച്ചതിന്റെ ഫലമായുണ്ടായതാണ് സച്ചിദാന്ദൻ കവിത എന്ന പഠനം. "ജീവിതത്തിന്റെ വ്യവസ്ഥയില്ലായ്മയെ നേരിടുന്ന വാക്കാണ് സച്ചിദാനന്ദന്റെ കവിത. തൻറെ ജീവിതത്തെ ഒരു കലാസൃഷ്ടിയെപ്പോലെ ദൃഢമാക്കാൻ – ഒരു ശില്പമാക്കാൻ – ആ മനുഷ്യൻ യതിക്കുന്നു"6 എന്ന് സച്ചിദാനന്ദൻ കവിതയെ പ്രസാദ് അടയാളപ്പെടുത്തുന്നു. എന്നാൽ എം.ടി.യുടെ കലപോലെ മുൻതലമുറയെ പൂർണ്ണമായും തിരസ്കരിക്കാത്ത കലയായിരുന്നു സച്ചിദാനന്ദന്റേതെന്നും അഞ്ചു സൂര്യൻ എന്ന കവിതയിലൂടെ ആ പരാധീനത

ഒഴിവാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നും കുറിക്കുന്നു. പിന്നീട് പ്രകൃതിയോടുള്ള ഗാഢമായ സ്നേഹത്തിൻറെ ഫലമായി മനുഷ്യനോടും ജീവിവർഗ്ഗത്തോടുമുള്ള ആഭിമുഖ്യം ഉണ്ടാവുകയും അതിൻറെ ഫലമായി മനുഷ്യനും പ്രകൃതിയുമെന്ന ശക്തമായ ശീർഷകത്തിലധിഷ്ഠിതമായ രചനകൾ സച്ചിദാനന്ദന്റേതായി ഉണ്ടായി. ഈ സ്വാധീനം മൂലമാകാം ലോകത്തിലെ തന്നെ ത്യാഗത്തിന്റെ അടയാളങ്ങളായ ക്രിസ്തുവും ബുദ്ധനും സച്ചിദാന്ദൻ കവിതകളിൽ തീവ്രബിംബങ്ങളായി പ്രത്യക്ഷപ്പെട്ടത്. ഇത് സച്ചിദാനന്ദന്റെ കവിതയ്ക്ക് ഒരു ആത്മീയാടിത്തറ തന്നെ നൽകുന്നു. കാവ്യരൂപനിരാസം ആധുനികതയുടെ സ്വഭാവങ്ങളിൽ ഒന്നാണല്ലോ. ഇത് സച്ചിദാനന്ദനിലും പ്രകടമായുണ്ട്. "ഛന്ദസ്സിൽ നിന്നു മുക്തമായ കാവ്യഭാഷകൊണ്ട് മലയാളകവിത എന്തുനേടി എന്നു ചോദിച്ചാൽ പെട്ടെന്ന് എന്റെ ഓർമ്മയിൽ വരുന്ന മലയാളകവിതകളിലൊന്നായിരിക്കും പനി"7 എന്ന നരേന്ദ്രപ്രസാദിന്റെ വീക്ഷണം സച്ചിദാനന്ദൻ കവിതയുടെ ശുദ്ധി വ്യക്തമാക്കുന്നതാണ്.

ആധുനിക കഥ അനുഭവതീവ്രതയുടെ കലാവിഷ്കാരമാണ്. അത് മലയാള വിമർശനലോകം ഫലപ്രദമായി കുറിച്ചുവച്ചിട്ടില്ല. എന്നാൽ "നർമ്മവും മൃത്യുബോധവും ഫലിതത്തിലൂടെ ലോകത്തെ സ്വീകരിക്കുന്നതിലെ സൂക്ഷ്മകലാപവും വൈവിധ്യമാർന്ന കാവ്യശില്പങ്ങളായി മാറുന്ന പണിക്കരുടെ കല മലയാളകവിതയുടെ വഴി തിരിച്ചുവിട്ടിരിക്കുന്നു"8 എന്ന നിരീക്ഷണം ആധുനികതയുടെയും പണിക്കർ ക്കവിതയുടെയും പൊതുസ്വഭാവം ഒന്നാണെന്ന് വ്യക്തമാക്കുന്നതാണ്. അയ്യപ്പപ്പണിക്കരുടെ കാവ്യഭാഷയെക്കുറിച്ചും ശക്തമായ നിഗമനങ്ങൾ പ്രസാദിന്റേതായുണ്ട്. തൻറെ കാവ്യരചനയുടെ തുടക്കത്തിൽ തന്നെ ചങ്ങമ്പുഴയുടെ ഭാഷയിൽ നിന്നും വ്യതിരിക്തമായ ഒരു ഭാഷ അയ്യപ്പപ്പണിക്കർ തെരഞ്ഞെടുത്തതും അതിന്റെ അകാല്പനിക ചാരുതയിൽ തൻറെ വിചാരങ്ങൾ അദ്ദേഹം ആവിഷ്കരിച്ചതും പ്രസാദ് തികവുറ്റ രീതിയിൽ നിരീക്ഷിക്കുന്നുണ്ട്. തന്നേയുമല്ല കുരുക്ഷേത്രമാണ് പണിക്കരുടെ ഭാഷാപരമായ പൂർണ്ണത ഏറ്റവുമുള്ള കവിത എന്ന നിരീക്ഷണവും ശ്രദ്ധേയമാണ്. അതുപോലെ തന്നെ പകൽ-സന്ധ്യ-രാത്രി എന്നിവയുടെ കടന്നുവരവ് പണിക്കർക്കവിതയെ ദിശാവൈവിധ്യത്തി ലെത്തിക്കുന്നതും നരേന്ദ്രപ്രസാദ് അതിന്റെ തീവ്രതയിൽത്തന്നെ ദർശിക്കുന്നു.

"സങ്കീർണ്ണത ആധുനിക ജീവിതത്തിന്റെ ഒരു സവിശേഷതയാണ്."9 ഈ സങ്കീർണ്ണത പകരുന്ന അമൂർത്തത(Abstract)യാണ് ആധുനിക കവിതയുടെ മുഖ്യ ആകർഷണം. നാളിതുവരെയുള്ള മലയാളകവിത പരിശോധിച്ചാൽ കാലത്തിനും പ്രസ്ഥാനത്തിനുമനുസരിച്ച് ഉണർവ്വോടെ ചരിച്ച കവിയാണ് സച്ചിദാനന്ദൻ എന്നു ദർശിക്കാം. അടിയന്തരാവസ്ഥയുടെ ബന്ധനത്തിൽ നിന്നും തന്റെ കവി എന്ന ഇടം ഉറപ്പിക്കുകയും അതിനുശേഷം തന്റെ മികവിന്റെ അടിസ്ഥാനത്തിൽ ലോകകവിതയെ വിവർത്തനത്തിലൂടെയും മൂല്യനിർണ്ണയത്തിലൂടെയും അവയെ അവലംബിച്ചുള്ള രചനകളിലൂടെയും മലയാളിക്കു പരിചയപ്പെടുത്തിയ സച്ചിദാനന്ദൻ ഇന്നും ലൈവിലുള്ള കവിയാണ്. മലയാളകഥയുടെ ഭാവുകത്വപരിണാമം നരേന്ദ്രപ്രസാദ് തന്റെ പത്ത് കഥാകാരന്മാർ എന്ന ലേഖനത്തിലൂടെ ഭംഗിയായി നിർവഹിച്ചിട്ടുണ്ട്. കാക്കനാടൻ, എം.പി.നാരായണപിള്ള, എം.മുകുന്ദൻ, സക്കറിയ, ഒ.വി.വിജയൻ, ആനന്ദ്, പി.പത്മരാജൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി.പി. ശിവകുമാർ എന്നീ എഴുത്തുകാരെ ആധുനികരായി പ്രഖ്യാപിക്കുന്നതിന് അവരുടെ കഥകൾ നൽകുന്ന മുദ്രകൾ നരേന്ദ്രപ്രസാദ് അന്വേഷിച്ച് കണ്ടെത്തുന്നത് ആധുനികതയുടെ നാനാത്വത്തിലുള്ള ഏകത്വം അന്വേഷിക്കലാണ്.

ആധുനികത എന്താണെന്നും അതു കലാസൃഷ്ടികളിൽ എങ്ങനെ കടന്നുവരുന്നുവെന്നുമുള്ള നരേന്ദ്രപ്രസാദിന്റെ അന്വേഷണത്തിന് ഒരു അരാജകത്വഭംഗിയുണ്ട്. മലയാളവിമർശകരിൽ ആധുനികതയുടെ സ്വഭാവം കഥയിലെന്നപോലെ ജീവിതത്തിലും പ്രകടിപ്പിച്ച വിമർശകൻ നരേന്ദ്രപ്രസാദാണ്. അതുകൊണ്ടുതന്നെ ആധുനികത എന്ന കലാചിന്തയെ നിരാകരിച്ചാൽ പിന്നെ നരേന്ദ്രപ്രസാദിന്റെ വിമർശനമില്ല.

കുറിപ്പുകൾ

1. കെ.അയ്യപ്പപ്പണിക്കർ, അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ (1950-80), പേജ് 140, ഡി.സി.ബുക്സ്, 1982

2. നരേന്ദ്രപ്രസാദ്, നിഷേധികളെ മനസ്സിലാക്കുക, പേജ് 71, എച്ച് & സി ബുക്സ്, 2007,

3. അതേ പുസ്തകം, പേജ് 72

4. അതേ പുസ്തകം, പേജ് 45

5. നരേന്ദ്രപ്രസാദ്, ആധുനികതയുടെ മദ്ധ്യാഹ്നം, പേജ് 107, പൂർണ്ണാ പബ്ലിക്കേഷൻസ്, 1984

6. നരേന്ദ്രപ്രസാദ്, എന്റെ  സാഹിത്യ നിരൂപണങ്ങൾ, പേജ് 79, ഡി.സി.ബുക്സ്, 1999

7. നരേന്ദ്രപ്രസാദ്, ആധുനികതയുടെ മദ്ധ്യാഹ്നം, പേജ് 139, പൂർണ്ണാ പബ്ലിക്കേഷൻസ്, 1984

8. നരേന്ദ്രപ്രസാദ്, എന്റെ സാഹിത്യനിരൂപണങ്ങൾ, പേജ് 39, ഡി.സി.ബുക്സ്, 1999

9. എസ്.ഗുപ്തൻനായർ, ആധുനികസാഹിത്യം, പേജ് 14, സാഹിത്യപ്രവർത്തക സഹകരണസംഘം, 1999